**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4751** **01-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികൾ നീട്ടികൊണ്ടുപോവുന്ന കരാറുകാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന രീതിയിൽ കരാറുകാർ പൊതുമരാമത്ത് പ്രവൃത്തികൾ നീട്ടി കൊണ്ടുപോവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ നിശ്ചിത കാലത്തേയ്ക്ക് ടെണ്ടർ നടപടിയിൽ പങ്കെടുപ്പിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം കരാറുകാർക്കെതിരെ പി.ഡബ്ല്യൂഡി മാന്വൽ നിഷ്കർഷിക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. കരാർ അവസാനിപ്പിച്ച (കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ) കരാറുകാരനെ നിലവിലെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ച് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാതെ നിലവിലുള്ളതെന്ന് അറിയിക്കുമോ; ഈ പ്രവൃത്തികൾ എഗ്രിമെന്റ് വെച്ച് എപ്പോഴാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. 1. ബാലുശ്ശേരി ടൗണിൽ പുനരുദ്ധാരണ പ്രവൃത്തി (കെ.ടി.എം.എ.ഇ റോഡ് കി.മീ. 15/700 മുതൽ 16/500 വരെ) കോഴിക്കോട് ജില്ല – എഗ്രിമെന്റ് നമ്പർ - എസ്.ഇ (കെ) 101/2018-19 തീയതി 01.11.2018. പ്രസ്തുത പ്രവൃത്തി 01.11.2018 ന് ഉടമ്പടിയിൽ ഒപ്പുവെക്കുകയും 02.05.2019 ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ പ്രവൃത്തി ബി.എം & ബി.സി ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഫുട്ട്പാത്ത് നിർമ്മാണവും കൈവരി വെക്കലും പുരോഗതിയിലാണ്. Time of Completion as per Agreement - 9 months (08.08.2019). Time of extension first – 30.10.2020. Time of extension second – 15.04.2021 with fine. Time of extension third – 30.08.2021 with fine . Time of extension fourth – 30.11.2021 (Applied). 2. ബാലുശ്ശേരി കുറാച്ചുണ്ട് റോഡിൽ കി.മീ. 5/000 മുതൽ 11/000 വരെ പുനരുദ്ധാരണ പ്രവൃത്തി. എഗ്രിമെന്റ് നമ്പർ - എസ്.ഇ (കെ) 107/2019-20 തീയതി 05.09.2019. പ്രസ്തുത പ്രവൃത്തി 05.09.2019 ന് ഉടമ്പടിയിൽ ഒപ്പുവെക്കുകയും 04.02.2020 ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ പ്രവൃത്തി ബി.എം 2.5 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. മഴക്കാലത്തിന് ശേഷം ടാറിംഗ് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. 30.11.2021 വരെ |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുവാൻ അപേക്ഷിച്ചിട്ടുണ്ട്. Time of Completion as per Agreement - 7 months (15.04.2020). Time of extension first – 30.11.2020. Time of extension second – 30.04.2021 with fine. Time of extension third – 30.07.2021 with fine. Time of extension fourth – 30.11.2021 with fine. |
| (സി) | കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത മണ്ഡലത്തിലെ പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ചയ്ക്ക് ഫൈനോട് കൂടി കാലാവധി നീട്ടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ